K19U 0326

Reg. No.: ...............................

Name : ..................................

# II Semester B.Sc. LRP/B.C.A./B.S.W. Degree (CBCSS – Reg./Supple./Improve.) Examination, April 2019 (2016 Admission Onwards) COMMON COURSE IN MALAYALAM

## 2A 08 2 MAL : സാഹിത്യവിഭാഗങ്ങൾ

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) സ്ത്രീകളുടെയും ദളിതരുടെയും പ്രശ്നങ്ങൾ പാപത്തറ, അച്ചണ്ട വെന്തിഞ്ഞ ഇന്നാ എന്നീ കഥകളെ മുൻനിർത്തി ചർച്ച ചെയ്യുക.

2) എക്കാലത്തും പ്രസക്തമാകുന്ന പരമ്പരയായ 'പണയവസ്തുവും കടം വാങ്ങലും' എന്ന വിഷയമാണ് പി. എം. താജ് 'രാവുണ്ണി'യിൽ അവതരിപ്പിക്കുന്നത്. – പരിശോധിക്കുക.

3) അനുഭവത്തിന്റെ ആഖ്യാനം എന്ന നിലയിൽ 'ഏഴിനും മീതെ' എന്ന നോവലിന് വ്യാഖ്യാനം എഴുതുക.

4) കെട്ടുപിണഞ്ഞ കഥയോ സംഭവങ്ങളോ ഇല്ലാതെ തന്നെ ഒരു സിനിമ ആസ്വാദ്യകരമാക്കാം എന്നതിന് ഉദാഹരണമാണ് 'പ്രാഞ്ചിയേട്ടൻ' – വിശദീകരിക്കുക. **(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) നിസ്സാരജീവിതസന്ദർഭങ്ങളെ കഥയാക്കി മാറ്റാനുള്ള ബഷീറിന്റെ പാടവം സ്വർണ്ണമാല എന്ന കഥയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

P.T.O.

6) മായ്ച്ചുകളയാവുന്നതല്ല ജാതിയുടെ ചൂരെന്ന് കണ്ടങ്കോരന് മനസ്സിലാകുന്നതെങ്ങനെ ?

7) രാവുണ്ണി ജീവിതത്തിൽ നിന്ന് ഉൾക്കൊണ്ട പാഠമെന്ത് ? വിശദീകരിക്കുക.

8) സഹജീവികളിൽ സ്നേഹം വിതയ്ക്കാൻ കഴിഞ്ഞിരുന്ന ഒരു തലമുറയെയാണ് 'മാണിക്കൻ' അവതരിപ്പിക്കുന്നത്. പരിശോധിക്കുക.

9) നഷ്ടങ്ങളുടെ 'സാക്ഷി'യാകേണ്ടിവന്ന അവസ്ഥ പത്മനാഭൻ അവതരിപ്പിക്കുന്നതെങ്ങനെ ?

10) 'എനിക്കീറ്റ് നോവില്ല, എന്റെവ മകളെ ഒളിപ്പിച്ചു കടത്ത്വോ ? നിലവറയുടെ വാതിൽ തകർത്തു കംസൻ എത്തും മുൻപ്, അടുത്ത ഉഷ്ണക്കാറ്റിൽ മഞ്ഞരളി കാടുകൾ ഒന്നായി ഇളകിയാടി തിമിർക്കും മുൻപ്, ആഭിചാരത്തിന്റെ പരുത്ത കൈപ്പത്തിയുമായി കൊച്ചു നാരായണന്റെ അമ്മ പറന്നെത്തും മുൻപ്, ...'' വിശദീകരിക്കുക. **(4×3=12)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

11) 'കരിയുമ്പോൾ വെരകാൻ കയിലേ ശേഷിക്കുകയുള്ളു എന്ന പരമാർഥം മനസ്സിലാക്കാനുള്ള ബുദ്ധിശക്തി ആ മിഥ്യാഭിമാനിക്കില്ലാതെപോയി' ആർക്ക് ? സന്ദർഭമെഴുതുക.

12) 'ഭാര്യ സിഗരറ്റെടുത്ത് കത്തിച്ചുകൊടുത്തു. ഒരു പുക വലിച്ചൂതി നോക്കുമ്പോൾ ഇടതുകാലിലെ മൂന്നാമത്തെ വിരൽ ഉരഞ്ഞു നീറുന്നുണ്ട്'. സന്ദർഭമെഴുതി വിശദീകരിക്കുക.

13) 'പ്രാഞ്ചിയേട്ടനി'ലെ ഭാഷാരീതിയെക്കുറിച്ച് കുറിപ്പെഴുതുക.

14) മന്ദപ്പൻ ചെമ്മരത്തിയെ കണ്ടുമുട്ടുകയും വിവാഹം കഴിക്കുകയും ചെയ്ത കഥ ആഖ്യാനം ചെയ്യുക.

15) 'മണ്ണെന്തിനാണെന്നോ ? നല്ല ചോദ്യം ? മണ്ണപ്പം ചുട്ടുകളിക്കാൻ... എന്താടാ സന്തോഷം കൊണ്ട് നിനക്ക് സമനില തെറ്റിയോ ?' – വിശദീകരിക്കുക.

16) 'നിലാവുള്ള രാത്രികളിൽ ചാണകം മെഴുകി വൃത്തിയാക്കിയ മുറ്റത്ത് മണ്ണെണ്ണ വിളക്കിന്റെ മുമ്പിലിരുന്നുകൊണ്ട് അമ്മ ചോറ് വിളമ്പിത്തന്നത് കഥാകൃത്ത് ഓർക്കുന്നതെപ്പോൾ ? **(4×2=8)**

IV. ഒറ്റ വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) 'തീയ്യൂർ രേഖകൾ' ആരുടെ കൃതിയാണ് ?

18) മാണിക്കനിലെ കഥയ്ക്ക് സമാനമായ പ്രമേയമുള്ള വള്ളത്തോളിന്റെ കവിത ?

19) പ്രാഞ്ചിയേട്ടൻ എന്ന സിനിമയുടെ സംവിധായകനാര് ?

20) ഏഴിനും മീതെയിലെ പ്രമേയം എവിടെ നിന്ന് സ്വീകരിച്ചിരിക്കുന്നു ?

21) 'ഓണ നിലാവുകളൊക്കെ കറുത്ത് പതയുന്ന ചോരക്കടലായി തുള്ളുമ്പുന്നു. ചോരക്കടൽ തിരയടിക്കുമ്പോൾ തല തകർന്നു കുഞ്ഞുങ്ങൾ ഒഴുകി വരുന്നു'' ഏത് കഥയിലെ വരികൾ ?

22) 'കുടുക്ക' എന്ന നാടകം എഴുതിയതാര് ?

23) ബഷീറിന്റെ പ്രേമലേഖനം പ്രസിദ്ധീകരിച്ച വർഷം ?

24) 'ഊരുകാവൽ' ആരുടെ നോവലാണ് ? **(6×1=6)**